# യേശുവിന്റെ ശക്തി

## മർക്കോസ് 16:4

"അവർ നോക്കിയാറെ കല്ലു ഉരുട്ടിക്കളഞ്ഞതായി കണ്ടു. അതു ഏറ്റവും വലുതായിരുന്നു."

'ഉരുട്ടിക്കളഞ്ഞതായ ഒരു കല്ല്' നാം വചനത്തിൽ കണ്ടു. ഈ കല്ലിന് ഒരു പ്രത്യേകതയും പറയുന്നു. അത് ഏറ്റവും വലുതായിരുന്നു. കല്ലറ വാതിൽക്കൽ കർത്താവിനു തൈലം പൂശാൻ കടന്നുവന്നവർ തങ്ങൾക്കുവേണ്ടി ആർ കല്ലുരുട്ടിക്കളയും എന്ന ആകുലതയോടെ നിൽക്കുമ്പോൾ, കണ്ടതായ അതിശയകരമായ കാഴ്ചയാണ് വിശുദ്ധ വേദഭാഗം.

ഒരു ദൈവപൈതലിന്റെ പ്രത്യാശാജീവിതത്തിന് ദിനംതോറും മാറ്റു കൂട്ടുന്നതായ ഒരു വാക്യമാണ് ഇത്. കർത്താവിന്റെ ശരീരം കല്ലറയിലായിരുന്നുവെന്നും അത് ഒരു കല്ലു കൊണ്ട് അടച്ച് മൂടിയതായിരുന്നുവെന്നും അവർക്കറിയാം. എന്നാൽ കടന്നുവന്ന കർതൃ ഭക്തർക്കായി കല്ല് ഉരുട്ടി മാറ്റപ്പെട്ടു. എത്ര ശ്രേഷ്ഠകകരമായ അനുഭവം. കടന്നുവന്നതായ ആരുടെയും പരിശ്രമം കൊണ്ടല്ല കല്ല് നീക്കപ്പെടുവാൻ ഇടയായത്.

ഒരു ദൈവപൈതലിന്റെ ജീവിതത്തിലും നടക്കുന്ന അത്ഭുതം ഇതു തന്നെയാകുന്നു. കല്ലറയേയും, ക്രൂശിനെയും ജയിച്ച കർത്താവിന്റെ പുനരുത്ഥാന ശക്തിയാണ് ഇന്ന് നമ്മുടെ പ്രത്യാശ. അവയെ ഉയർപ്പിച്ച ദൈവത്തിന്റെ ശക്തി എത്ര ഭയങ്കരം. ഓരോ വിശ്വാസിയുടെയും മർത്യശരീരത്തെ ഉയർപ്പിക്കുന്ന പുനരുത്ഥാനത്തിന്റെ ശക്തി. കർത്താവിന്റെ മരണ പുനരുത്ഥാനത്തോട് ഏകീഭവിക്കുന്ന ഓരോ ജീവിതത്തിന്റെയും കഴിഞ്ഞകാല പാപത്തെയും, നിന്ദയേയും അവൻ ഉരുട്ടി മാറ്റി. വേറെ ആരും അത് നമുക്കുവേണ്ടി ഉരുട്ടിക്കളഞ്ഞതല്ല. കല്ലറവാതിൽക്കൽ നിന്ന് കല്ല് എങ്ങനെ ഉരുട്ടി മാറ്റപ്പെട്ടുവോ, അതുപോലെ അവന്റെ പുനരുത്ഥാനശക്തി ഒന്നു മാത്രമാകുന്നു നമ്മുടെ ജീവിതത്തിന്റെ പ്രത്യാശയും, ജയവും.

യോശുവ 5:9 ൽ നാം വായിക്കുന്നു "യഹോവ യോശുവയോടു: ഇന്നു ഞാൻ മിസ്രയീമിന്റെ നിന്ദ നിങ്ങളിൽനിന്നു ഉരുട്ടിക്കളഞ്ഞിരിക്കുന്നു എന്നു അരുളിച്ചെയ്തു; അതു കൊണ്ടു ആ സ്ഥലത്തിന്നു ഇന്നുവരെ ഗില്ഗാൽ (ഉരുൾ) എന്നു പേർ." ഉരുട്ടി മാറ്റിയ 'നിന്ദ'യുടെ വലിയ അനുഭവം പങ്കിട്ട ഗിൽഗാൽ. ഗിൽഗാലിൽ വച്ച് ദൈവകല്പന പ്രകാരം പരിഛേദന ഏറ്റ സകല യിസ്രായേല്യരുടെയും നിന്ദ നീക്കപ്പെട്ടു ദൈവ

മക്കളെന്ന പദവിക്ക് അർഹരായി. ഇന്ന് ഹൃദയത്തിന്റെ പരിച്ഛേദനയാണ് കർത്താവിന് ആവശ്യം. ദൈവകരങ്ങളിലേക്ക് ഹൃദയം പരിപൂർണ്ണമായി ഏൽപിക്കുന്ന ഓരോരുത്തരുടെയും ജീവിതത്തിലെ വലിയതും ചെറുതുമായ സകല കല്ലുകളെയും അവൻ ഉരുട്ടി മാറ്റിയിരിക്കുന്നു. പ്രിയദൈവമക്കളെ, ഈ അത്ഭുതപ്രവർത്തിയാണ് കർത്താവ് ജീവിതത്തിൽ ചെയ്തതായ ഏറ്റവും വലുതും മഹത്തരവുമായ അതിശയം.

ഇന്നും ജീവിതത്തിന്റെ മുൻപിൽ മറുപടി ഇല്ലെന്നോർത്ത് ആകുലപ്പെട്ടിരിക്കുന്നതായ സകല കല്ലുകളെയും അവൻ ഉരുട്ടിമാറ്റുവാൻ മതിയായവനാണ്. ചെറുതോ, വലുതോ ആകട്ടെ തക്ക സമയത്ത് തടസ്സം സൃഷ്ടിക്കുന്ന സകലതും അവൻ പെറുക്കി മാറ്റും. പാപത്തേയും, രോഗത്തെയും, ശാപത്തേയും നീക്കിയവനായ ഉയർത്തെഴുന്നേറ്റ യേശുവിന്റെ അതിഭയങ്കരമായ ശക്തി നമ്മോടുകൂടെ ഉള്ളതിനാൽ ദൈവത്തിനു സ്തോത്രം. എഫേസ്യർ 1:19 ൽ പറയുന്നതുപോലെ "വിശ്വസിക്കുന്ന നമുക്കുവേണ്ടി വ്യാപരിക്കുന്ന അവന്റെ ശക്തിയുടെ അളവറ്റ വലിപ്പം ഇന്നതെന്നും നിങ്ങൾ അറിയേണ്ടതിന്നും പ്രാർത്ഥിക്കുന്നു." അത്ര ഭയങ്കരമായ ശക്തി ഇന്ന് നമ്മുടെ ഉള്ളിലാക്കി വച്ച് തന്റെ മക്കളും അവകാശികളുമാക്കി തീർത്തിരിക്കുന്ന പദവി എത്ര അത്ഭുതാവഹം. കുറിവാക്യത്തിൽ കണ്ടതുപോലെ ഇന്ന് നമ്മുടെ ജീവിത്തിലെ ഓരോ പ്രതിബന്ധങ്ങളുടെയും, പ്രശ്നങ്ങളുടെയും നടുവിൽനിന്നുകൊണ്ട് നോക്കുമ്പോൾ, യേശുവിന്റെ ശക്തി സകല കല്ലുകളെയും ഉരുട്ടിമാറ്റിയിരിക്കുന്നു എന്ന് ജയത്തോടെ പറയാൻ ഇടയാകട്ടെ. പുനരുത്ഥാനത്തിന്റെ പുതുശക്തിയിൽ ദിനംതോറും നയിക്കപ്പെടാൻ ഓരോരുത്തരേയും സഹായിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

പരാമർശം :

യെശയ്യാവു 40:31

എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 032**